"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പൊന്നാനി നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി സബീല ഇ.യുടെ മെഡിക്കൽ റീ ഇംബേഴ്സ്മെൻറ് അപേക്ഷ - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.3075/2025/LSGD തീയതി,തിരുവനന്തപുരം, 26-12-2025

---

പരാമർശം:-

1. പ്രിൻസിപ്പൽ ഡയറക്ടറുടെ 24.04.2024, 17.07.2024 തീയതികളിലെ LSGD/PD/35501/2023-DEG2 നമ്പർ കത്ത്
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 01.04.2024 തീയതിയിലെ (എൽ.ഡിസ്) എം.ആർ.5/317247/2023 നമ്പർ കത്ത്
3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 26.06.2024 തീയതിയിലെ എം.ആർ.2-578519/2024/ആ.വ.ഡ നമ്പർ കത്ത്

**ഉത്തരവ്**

പൊന്നാനി നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി സബീല ഇ -യ്ക്ക്, IVF ചികിത്സയ്ക്ക് 01.07.2022 മുതൽ 03.09.2022 വരെ എടപ്പാൾ ഹോസ്പിറ്റൽ പ്രൈവറ്റ് ലിമിറ്റഡ്-ൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമാണെന്ന് അറിയിച്ചിട്ടുള്ള 1,50,000/- രൂപയുടെ (ഒരു ലക്ഷത്തി അൻപതിനായിരം രൂപാ മാത്രം) 80% തുകയായ 1,20,000/- രൂപ റി-ഇമ്പേഴ്സ്മെന്റ് അനുവദിക്കുന്നതിന് അനുമതിയ്ക്കായി അപേക്ഷ പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു. കൂടാതെ ഐ.വി.എഫിന്റെ തുടർ ചികിത്സയ്ക്ക് ടി ഹോസ്പിറ്റലിൽ 08.12.2022 മുതൽ 04.01.2023 വരെയുള്ള കാലയളവിൽ ചെലവായ 46,225/- രൂപ പ്രതിപൂരണം ചെയ്യുന്നതിനുള്ള അനുമതിയ്ക്കായി അപേക്ഷയും അനുബന്ധരേഖകളും പരാമർശം (1) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം ലഭ്യമായിട്ടുള്ള 01.07.2022 മുതൽ 03.09.2022 വരെയുള്ള ക്ലെയിമുമായി ബന്ധപ്പെട്ട് Frozen Embryo Transfer (FET) - 1st attempt 16.08.2022 ൽ നടത്തിയതായി കാണുന്നു. കൂടാതെ Discharge Summary പ്രകാരം 02.09.2022 ൽ ചികിത്സ തേടിയിട്ടുള്ളത് "Bleeding P/V and Abdomen pain" എന്ന കാരണത്താലാണ്. 10.02.2017 ലെ സ.ഉ (പി) നം.8/2017/ആ.കു.വ ഉത്തരവിലെ വ്യവസ്ഥ പ്രകാരം "Assisted Reproductive Technique (ART) like Invitro Fertilization and Embryo Transfer etc." ചികിത്സയ്ക്ക് മാത്രമേ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയത അറിയിക്കുന്ന മുഴുവൻ തുകയും വ്യവസ്ഥകൾക്കു വിധേയമായി അനുവദിയ്ക്കാനാവൂ. അതിനാൽ, അപേക്ഷക Assisted Reproductive Technique (ART) ചികിത്സയ്ക്ക് വിധേയമായ കാലയളവിലെ ബില്ലുകളും, മറ്റ് കാലയളവിലെ ബില്ലുകളും വെവ്വേറെ വേർതിരിച്ച് അനുവദനീയ തുക അറിയിച്ചുകൊണ്ടുള്ള ആരോഗ്യവകുപ്പ് ഡയറക്ടറുടെ പുതുക്കിയ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണെന്നും അല്ലാത്തപക്ഷം ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിരിക്കുന്ന തുകയുടെ 80% തുക അനുവദിക്കുന്നത് പരിശോധിക്കുന്നതിനായി ഈ ചികിത്സയ്ക്കോ, മറ്റു കാലയളവുകളിലെ ചികിത്സയ്ക്കോ പലിശ രഹിത ചികിത്സാ വായ്പ എടുത്തിട്ടില്ലായെന്നു

വ്യക്തമാക്കുന്ന മേലധികാരി സാക്ഷ്യപ്പെടുത്തിയ പുതുക്കിയ സത്യവാങ്മൂലം ലഭ്യമാക്കുന്നതിനും പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നതും ആയത് പ്രകാരം, ശ്രീമതി. സബീല ഇ IVF ചികിത്സയ്ക്കോ മറ്റു കാലയളവുകളിലെ ചികിത്സയ്ക്കോ പലിശ രഹിത ചികിത്സാ വായ്പ എടുത്തിട്ടില്ലായെന്ന് വ്യക്തമാക്കുന്ന മേലധികാരി സാക്ഷ്യപ്പെടുത്തിയ പുതുക്കിയ സത്യവാങ്മൂലം ലഭ്യമാക്കുകയും ചെയ്തരിക്കുന്നു.

3. മേൽ സാഹചര്യത്തിൽ, ശ്രീമതി.സബീല ഇ -യുടെ ചികിത്സയ്ക്ക് 01.07.2022 മുതൽ 03.09.2022 വരെ മലപ്പുറം എടപ്പാൾ ഹോസ്പിറ്റലിൽ ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച തുകയായ 1,50,000/- രൂപയുടെ 80% തുകയായ 1,20,000/- രൂപയും (ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം), 08.12.2022 മുതൽ 04.01.2023 വരെയുള്ള കാലയളവിൽ മേൽ ഹോസ്പിറ്റലിൽ ചെലവായ 46,225/- രൂപയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച തുകയായ 44,721/- രൂപയുടെ 80% ആയ 35,777/- രൂപയും (മുപ്പത്തി അയ്യായിരത്തി എഴുന്നൂറ്റി എഴുപത്തി ഏഴു രൂപ മാത്രം) ചേർത്ത് ആകെ തുകയായ 1,55,777/- രൂപ (ഒരു ലക്ഷത്തി അൻപത്തി അയ്യായിരത്തി എഴുന്നൂറ്റിഎഴുപത്തിയേഴ് രൂപ മാത്രം) ടിയാൾക്ക് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റായി നഗരസഭയുടെ തനതുഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്ത് നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പകർപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
(മെഡിക്കൽ ബില്ലുകളും അനുബന്ധരേഖകളും ഉൾപ്പെടെ)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, പൊന്നാനി നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീമതി.സബീല ഇ, ഓഫീസ് അറ്റൻഡന്റ്, പൊന്നാനി നഗരസഭ
(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 27-12-2025 10:31:22
സെക്ഷൻ ഓഫീസർ